നമ്പർ: സി.പി. (1) 36685/06

സഹകരണസംഘം രജിസ്ട്രാർ ആഫീസ്

തിരുവനന്തപുരം, 02.09.2006.

സർക്കുലർ നമ്പർ 39/06

വിഷയം: സഹകരണ വകുപ്പ്- പ്രാഥമിക കാർഷിക വായ്പാ സഹകരണ സംഘങ്ങൾ/സർവീസ് സഹകരണ ബാങ്കുകൾ/മറ്റ് വായ്പാ സഹകരണസംഘങ്ങൾ (ബാങ്കിംഗ് റഗുലേഷൻ ആക്ടിന്റെ) പരിധിയിൽ വരാത്തത്) ശാഖകൾ തുറക്കുന്നത് സംബന്ധിച്ച്

സൂചന: സർക്കുലർ നമ്പർ 17/81.

സഹകരണസംഘം രജിസ്ട്രാറുടെ ഭരണ നിയന്ത്രണത്തിലുള്ള പ്രാഥമിക കാർഷിക വായ്പാ സഹകരണ സംഘങ്ങൾ/സർവീസ് സഹകരണ ബാങ്കുകൾ എന്നിവകളുടെ ശാഖ തുറക്കുന്നത് സംബന്ധിച്ച് സൂചന പ്രകാരം നിർദേശങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ട്. എന്നാൽ സഹകരണ സംഘങ്ങളുടെ പ്രവർത്തനത്തിലും മറ്റും ഉണ്ടായ വൈവിദ്ധ്യവത്കരണത്തിന്റെയും വളർച്ചയുടെയും അടിസ്ഥാനത്തിൽ, ടി സർക്കുലറിലെ വ്യവസ്ഥകളിൽ മാറ്റം വരുത്തേണ്ടതാണെന്ന് സഹകാരികളിൽ നിന്നും ആവശ്യമുയർന്ന സാഹചര്യത്തിൽ ടി സർക്കുലറിൽ ഭാഗീകമായ ഭേദഗതി വരുത്തി ചുവടെ പരാമർശിക്കുന്ന നിർദേശങ്ങൾ പുറപ്പെടുവിയ്ക്കുന്നു.

(1) പ്രാഥമിക കാർഷിക വായ്പാ സഹകരണസംഘങ്ങൾ/സർവീസ് സഹകരണ ബാങ്കുകൾ എന്നിവ ശാഖകൾക്കുള്ള അപേക്ഷ അസിസ്റ്റന്റ് രജിസ്ട്രാർ (ജനറൽ) മുഖേന ജില്ലാ സഹകരണ സംഘം ജോയിന്റ് രജിസ്ട്രാർക്ക് സമർപ്പിക്കേണ്ടതാണ്.

(2) അപേക്ഷ ലഭിക്കുന്ന മുറയ്ക്ക് ജില്ലാ ജോയിന്റ് രജിസ്ട്രാർ (ജനറൽ), ജോയിന്റ് രജിസ്ട്രാർ (ആഡിറ്റ്) എന്നിവർ സംയുക്തമായി ശാഖ പ്രവർത്തിപ്പിയ്ക്കാൻ ഉദ്ദേശിക്കുന്ന സ്ഥലത്ത് ഒരു സർവേ നടത്തി, ശാഖയുടെ വിജയസാദ്ധ്യത, ടി പ്രദേശത്ത് ബാങ്കിന്റെ നിലവിലുള്ള പ്രവർത്തനം കാർഷിക വായ്പാ വിതരണം, ശാഖ ആരംഭിച്ചാൽ കൂടുതൽ വായ്പാ വിതരണം ചെയ്യുന്നതിനുള്ള സാദ്ധ്യത, ശാഖ നടത്തുന്നതിനുള്ള കെട്ടിടത്തിന്റെ ലഭ്യത, സുരക്ഷിതത്വം, ജീവനക്കാരുടെ വിന്യാസം, നിക്ഷേപം ലഭിക്കാനുള്ള സാദ്ധ്യത, ശാഖ സ്വയം പര്യാപ്തമായി പ്രവർത്തിക്കുന്നതിനുള്ള സാദ്ധ്യത, മറ്റ് പ്രവർത്തനങ്ങൾക്കുള്ള സാദ്ധ്യത തുടങ്ങിയ വിവരങ്ങൾ ഉൾക്കൊള്ളിച്ച് വിശദമായ ഒരു സർവേ റിപ്പോർട്ട് ജോയിന്റ് രജിസ്ട്രാറുടെ റിപ്പോർട്ട് സഹിതം സഹകരണസംഘം രജിസ്ട്രാർക്ക് സമർപ്പിക്കേണ്ടതാണ്.

ശാഖയ്ക്ക് അപേക്ഷ സമർപ്പിക്കുന്നതിനുള്ള സംഘങ്ങൾ സൂചന സർക്കുലറിലെ നിബന്ധനകൾക്ക് പുറമെ സംഘം കുറഞ്ഞത് 20% എങ്കിലും ടി സാമ്പത്തിക വർഷമോ, അതിന് തൊട്ട് മുമ്പുള്ള വർഷമോ കാർഷിക വായ്പ നല്കിയിരിക്കേണ്ടതാണെന്ന് വ്യവസ്ഥ കൂടി പാലിയ്ക്കേണ്ടതാണ്.

സൂചന സർക്കുലറിലെ മറ്റ് നിബന്ധനകൾ യാതൊരു മാറ്റവും കൂടാതെ തുടരുന്നതാണ്.

ഒപ്പ്

വി.രഘുനാഥ്

സഹകരണസംഘം രജിസ്ട്രാർ (ഇൻചാർജ്)

1. എല്ലാ ജോയിന്റ് രജിസ്ട്രാർ (ജനറൽ/ആഡിറ്റ്)മാർക്കും
2. എല്ലാ അസിസ്റ്റന്റ് രജിസ്ട്രാർ (ജനറൽ)മാർക്കും

(ജോയിന്റ് രജിസ്ട്രാർ (ജനറൽ) മുഖേന)

3. ജനറൽ മാനേജർ, ജില്ലാ സഹകരണ ബാങ്ക്
4. എല്ലാ പ്രാഥമിക വായ്പാ സഹകരണ സംഘങ്ങൾക്കും (ജോയിന്റ് രജിസ്ട്രാർ മുഖേന)
5. സ്റ്റേറ്റ് കോ-ഓപ്പറേറ്റീവ് യൂണിയൻ
6. എഡിറ്റർ, സഹകരണ വീഥി
7. ഈ ആഫീസിലെ എല്ലാ ആഫീസർമാർക്കും

ആജ്ഞാനുസരണം

സഹകരണസംഘം രജിസ്ട്രാർക്കു വേണ്ടി.